<u>*ഭരണഭാഷ-മാതൃഭാഷ*</u>

**ചീഫ് എൻജിനീയറുടെ കാര്യാലയം**
**തദ്ദേശസ്വയംഭരണ വകുപ്പ്**
**റവന്യൂ കോംപ്ലക്സ്, മൂന്നാം നില**
**പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,**
**തിരുവനന്തപുരം-33**

**Phone : 0471-2324951**
**0471-2325071**
**TeleFAX:0471-2324951**
**email: celsgd@gmail.com**
**website: www.celsgd.kerala.gov.in**

**നം: ഇ7/4600/2019/സിഇ/തസ്വഭവ** **തീയതി: 04.05.2020**

## <u>സർക്കുലർ</u>

വിഷയം:- തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗം - എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകയുടെ അലോട്ട്മെന്റ് യഥാസമയം നൽകാൻ കഴിയാത്തത് തുടർ നടപടി സംബന്ധിച്ച്

സൂചന:- 1) സർക്കുലർ നം. ഡിബി7/6236/18/സിഇ/തസ്വഭവ തീയതി 03.08.2018
2) സർക്കുലർ ഇ7/4600/2019/സിഇ/തസ്വഭവ തീയതി: 25.10.2019

സംസ്ഥാനത്തെ വിവിധ നിയോജകമണ്ഡലങ്ങളിൽ എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകയുടെ അലോട്ട്മെന്റിനുള്ള റിക്വസിഷൻ സമർപ്പിക്കുമ്പോൾ ലഭ്യമാക്കേണ്ട രേഖകൾ സംബന്ധിച്ചും, ചെക്ക് ലിസ്റ്റും ഡാറ്റാ ഷീറ്റും സമർപ്പിക്കേണ്ട വിധവും സൂചന സർക്കുലറുകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ പദ്ധതി പ്രകാരമുള്ള മരാമത്ത് പ്രവൃത്തികളുടെ റിക്വസിഷൻ ഈ കാര്യാലയത്തിൽ സമർപ്പിക്കുന്നത് മേൽ നിർദ്ദേശപ്രകാരമല്ലായെന്ന് കാണുന്നു.

**കൂടാതെ ജില്ലാ ഓഫീസുകളിലെ ജൂനിയർ സൂപ്രണ്ട്, ഡിവിഷണൽ അക്കൗണ്ടന്റ്, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എന്നിവർക്ക് നിരവധി തവണ ഇത് സംബന്ധിച്ച പരിശീലന പരിപാടികൾ നൽകുകയുണ്ടായി. എന്നിട്ടും സർക്കുലറുകളിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് റിക്വസിഷനുകൾ സമർപ്പിക്കുന്നതിന് ജില്ലാ ഓഫീസുകൾ നിരന്തരം വീഴ്ച വരുത്തുന്നതായും അതു കാരണം അലോട്ട്മന്റുകൾ യഥാസമയം അനുവദിക്കുന്നതിന് സാധിക്കാതെ വരുകയും ചെയ്യുന്നു.** ഇതുമൂലം പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഫണ്ട് യഥാസമയം അനുവദിക്കുന്നതിന് ഈ കാര്യാലയത്തിന് ബുദ്ധിമുട്ട് നേരിടുന്നു. ഇത് നിയമ സഭാ സാമാജികരുടേയും, സർക്കാരിന്റേയും നിശിതമായ വിമർശനത്തിന് ഇടയാക്കുന്നു.

**മേൽ സാഹചര്യത്തിൽ ബിൽ തുകകളുടെ അലോട്ട്മെന്റ് അനുവദിക്കുന്നതിന് ജില്ലകളിൽ നിന്ന് സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ നിരന്തരം വീഴ്ചകൾ കാണുന്ന പക്ഷം ബന്ധപ്പെട്ട ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസുകളിലേയും, ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർക്കെതിരെയും കർശനമായി അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്, റിക്വസിഷനുകൾ യഥാസമയം അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന കോടതി വ്യവഹാര തീർപ്പുകളിലെ സാമ്പത്തിക ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കുമെന്നും കാലതാമസത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേര് വിവരം ബന്ധപ്പെട്ട എം.എൽ.എ മാരെയും സർക്കാരിനെയും അറിയിക്കുന്നതുമായിരിക്കും.**

**ചീഫ് എൻജിനീയർ**

പകർപ്പ് : 1) എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും
3) എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
4) എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
5) മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലെ എല്ലാ നിയന്ത്രണാധികാരികൾക്കും

അറിവിലേക്കും തുടർനടപടികൾക്കുമായി